"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 11-12-2020

## സർക്കുലർ നം 92

കൊയിലാണ്ടി സബ് ജയിൽ സൂപ്രണ്ട് ശ്രീ ഷൈജു എ, തന്റെ സ്ഥാപനത്തിലെ എല്ലാ ജീവനക്കാരെയും iaps, e-Prison, Video Conferencing എന്നീ ജയിൽ വകുപ്പിൻറെ ആധുനിക ഡിജിറ്റൽവൽകരണ പദ്ധതികളിൽ അവഗാഹമുള്ളവരാക്കി മാറ്റുന്നതിനായി സബ് ജയിലിൻറെ ഡ്യൂട്ടി ക്രമീകരിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഇതിലേക്കായി ജയിലിലെ മിനിസ്റ്റീരിയൽ ഹെഡ് വാർഡറെ (ഡെപ്യൂട്ടി പ്രിസൺ ഓഫീസർ) ഓഫീസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി ജനറൽ ഡ്യൂട്ടിയിൽ ഉൾപ്പെടുത്തുകയാണ് ആദ്യം ചെയ്തത്. തുടർന്ന് 4 iaps അക്കൌണ്ടുകൾ 4 ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാർക്കായി ഉണ്ടാക്കുകയും ഓഫീസ് ചാർജ്ജുകൾ എല്ലാം കൂടി എസ്റ്റാബ്ലിഷ്മെൻറ്, ഡയറ്റ്, വാറണ്ട്, അഗ്രിക്കൾച്ചർ/ഗാർഡൻ എന്നിങ്ങനെ പ്രധാനമായി 4 സബ്ജക്ട് എന്ന വിധത്തിലും 10 അസിസ്റ്റൻറ് പ്രിസൺ ഓഫീസർമാരെ 10 വിഷയങ്ങൾ എന്ന രീതിയിൽ വിഭജിക്കുകയും ഇവരെ 4 ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാരുടെ കീഴിൽ വിന്യസിക്കുകയും ചെയ്തു. തുടർന്ന് ഇപ്രകാരം നിയമിക്കപ്പെട്ടവർക്ക് രണ്ട് ആഴ്ച ആവശ്യമായ നിർദേശങ്ങളും ഉത്തരവുകളും ക്ലാസുകളും നല്കുകയും തിരുത്തലുകളിലൂടെ അവർക്ക് അവരുടെ വിഷയങ്ങൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുകയും ചെയ്തു.

നിലവിൽ കൊയിലാണ്ടി സബ് ജയിലിലെ മുഴുവൻ ജീവനക്കാരും iaps, e-Prison, Video Conferencing എന്നിവ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം നേടുകയും ഓഫീസ് ഡ്യൂട്ടിയും ഒപ്പം ജനറൽ ഡ്യൂട്ടിയും നിർവ്വഹിക്കുകയും ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ എല്ലാ സബ് ജയിൽ സൂപ്രണ്ടുമാരും തങ്ങളുടെ സ്ഥാപനത്തിലെ മിനിസ്റ്റീരിയൽ ഹെഡ് വാർഡർ എന്ന തസ്തികയുടെ ചാർജ്ജ് അവസാനിപ്പിക്കുകയും കൊയിലാണ്ടി സബ് ജയിലിൻറെ മാതൃകയിൽ എല്ലാ ജീവനക്കാർക്കും ജനറൽ ഡ്യൂട്ടിയും ഓഫീസ് ഡ്യൂട്ടിയും നിർവ്വഹിക്കുവാൻ സാധിക്കുന്ന വിധത്തിൽ ഡ്യൂട്ടി ക്രമീകരിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

2020 ഡിസംബർ 31 നകം ജനറൽ ഡ്യൂട്ടിയും ഓഫീസ് ഡ്യൂട്ടിയും ഇപ്രകാരം കൈകാര്യം ചെയ്യുവാൻ എല്ലാ ജീവനക്കാരും പ്രാപ്തരാകുന്ന രീതിയിൽ സബ് ജയിൽ സൂപ്രണ്ടുമാർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കൊയിലാണ്ടി സബ് ജയിൽ സൂപ്രണ്ടിൻറെ ഉപദേശവും, നിർദേശങ്ങളും മാതൃകയും സ്വീകരിക്കാവുന്നതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സബ് ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, ഫയൽ, കരുതൽ ഫയൽ.

E6-28939/2020/PrHQ

29e8ab